പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1685

31.01.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ തീരദേശ വോളണ്ടിയർമാരുടെ ഉത്തരവാദിത്തങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. എം.നൗഷാദ്<br>ശ്രീ. എൻ.വിജയൻ പിള്ള<br>ശ്രീ. വി.ജോയി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തീരദേശമേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനും ഉപജീവനമാർഗ്ഗങ്ങൾ ഫലപ്രദമാക്കുന്നതിനും കുടുംബശ്രീ തീരദേശ വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ 81 തീരദേശ പഞ്ചായത്തുകളിൽ തീരദേശ വോളണ്ടിയർമാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരദേശ വോളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ; | (ബി) തീരദേശ വോളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ ചുവടെ ചേർക്കുന്നു;<br>1.നിയമിക്കപ്പെടുന്ന പഞ്ചായത്തിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക. ഇതിനായി സി.ഡി.എസിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുക.<br>2.തീരദേശ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ കണക്കെഴുത്ത്, രേഖകൾ എന്നിവ ക്രമപ്പെടുത്തുക. നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക.<br>3.അയൽക്കൂട്ട വോളന്റിയേഴ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും ഇവരെ ബോധ്യപ്പെടുത്തുക.<br>4.സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുക.<br>5.അയൽക്കൂട്ടങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് കാസ്സ് അംഗങ്ങളെ സഹായിക്കുക. അയൽക്കൂട്ടങ്ങളെ ഓഡിറ്റിനു സജ്ജരാക്കുക.<br>6.അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുക. സമാന സ്വഭാവമുള്ള മറ്റ് സംവിധാനങ്ങളിൽ നിന്നും ലിങ്കേജ് വായ്പയെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.<br>7.അയൽക്കൂട്ടതലങ്ങളിൽ നിന്നും വികസനാവശ്യങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സൂക്ഷ്മതല ആസൂത്രണ രേഖകൾ (Micro Plan) തയ്യാറാക്കുകയും ആയത് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയും ചെയ്യുക.<br>8.കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന ഉപജീവന/സംരംഭ പ്രവർത്തനങ്ങൾ കണ്ടെത്തി അവ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക.<br>9.സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിക്കുക. |

10.വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക
11.സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കുക
12.കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനുകളുടെ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുക.
13.കുടുംബശ്രീയുടെ മറ്റ് പ്രവർത്തനങ്ങളിലും ജില്ലാ റിവ്യൂ യോഗങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കുക

(സി) വോളണ്ടിയർമാർക്ക് ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കുവാൻ അവരെ പ്രാപ്തമാക്കുന്നതിന് പ്രത്യേക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) വിവിധ പരിശീലനപരിപാടികളിലൂടെയും പ്രത്യേക ഇടപെടലുകളിലൂടെയും തീരദേശ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കുടുംബശ്രീ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) തീരദേശ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു;
തീരദേശ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, അയൽക്കൂട്ടങ്ങളുടെ കണക്കെഴുത്ത്, രേഖകൾ എന്നിവ ക്രമപ്പെടുത്തുക, നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുന:സംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക, സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുക. അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുക, സമാന സ്വഭാവമുള്ള മറ്റ് സംവിധാനങ്ങളിൽ നിന്നും ലിങ്കേജ് വായ്പയെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക, മികച്ച വരുമാനം ഉറപ്പാക്കുന്ന ഉപജീവന/സംരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പൊതു ജീവിതനിലവാരമുയർത്തുന്നതിനും ലക്ഷ്യമിടുന്നു കൂടാതെ തീരദേശ അയൽക്കൂട്ടത്തിന് 15,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 2,000 അയൽക്കൂട്ടങ്ങൾക്ക് 3 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകി

സെക്ഷൻ ഓഫീസർ